പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 263 — 26/02/2018-ൽ മറുപടിക്ക്

## ആശാവർക്കർമാർക്ക് പ്രതിഫലം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ആശാവർക്കർ-മാർക്ക് പ്രതിഫലമായി ഇപ്പോൾ നൽകി വരുന്നത് എത്ര രൂപയാണ്; മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്;ഇപ്പോൾ നൽകി വരുന്ന പ്രതിഫലം എന്നു മുതൽ ആണ് ഇവർക്ക് നൽകി തുടങ്ങിയത്;അതിന് മുൻപ് എത്രയായിരുന്നു പ്രതിഫലമായി നൽകിയിരുന്നത്; ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്; | എ) | കേരളത്തിൽ പൊതുജനാരോഗ്യ മേഖലയിൽ 25727 ആശമാർ പ്രവർത്തിച്ചുവരുന്നു. ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ ഓണറേറിയവുമാണ് ആശമാർക്ക് നൽകുന്നത്. 2017-18 ൽ ഇത് 2000 രൂപയായി ഉയർത്തി ഏപ്രിൽ 2017 പ്രാബല്യത്തോടെ നൽകി വരുന്നു. 2016-17 ൽ ഇത് 1500 രൂപയായിരുന്നു. ആശമാരുടെ പ്രധാന ചുമതലകൾ അവരുടെ പ്രദേശത്തുനിന്നുള്ള കുഞ്ഞുങ്ങളെ കുത്തിവെയ്പ്പിനായി കൊണ്ടുവരിക, ജെ.എസ്.വൈ ആനുകൂല്യം നൽകുന്നതിനുള്ള സഹായം നൽകുക, വന്ധീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ പ്രോൽസാഹിപ്പിക്കുക, മാസംതോറുമുള്ള WHND സംഘടിപ്പിക്കുന്നതിലേക്ക് അമ്മമാരെ കൊണ്ടുവരിക, പാലിയേറ്റീവ് ഹോം കെയറിൽ പങ്കെടുക്കുക, ജീവിതശൈലീരോഗങ്ങളുടെ പരിശോധനയ്ക്കായി 30 വയസ്സിന് മുകളിലുള്ളവരെ പി.എച്ച്.സിയിലേക്ക് കൊണ്ടുവരിക തുടങ്ങിയവയാണ്. |
| ബി) | അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റം മൂലം ബുദ്ധിമുട്ടുന്നവർക്ക്, കാലാനുസൃതമായി പ്രതിഫലത്തിൽ വർദ്ധന വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ബി) | നിലവിലുണ്ടായിരുന്ന ഓണറേറിയവും 2017 ഏപ്രിൽ മുതൽ 2000/- രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 2000 രൂപ കൂടി ഉയർത്തി നൽകിയിട്ടുണ്ട്. ഇതടക്കം 2 വർഷം കൊണ്ട് 2500 വർദ്ധനയാകും. ഇത് കൂടാതെ ഇൻസന്റീവ് അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ